മറയൂരിലെ വനഭൂമി കയ്യേറ്റം

271(3093) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി മറയൂരിൽ 44 ആദിവാസി കുടുംബങ്ങൾ വനഭൂമി കയ്യേറി കുടിൽ കെട്ടി താമസം തുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2009-ൽ ഉണ്ടായ ഉരുൾപൊട്ടലിൽ കുടിലുകൾ തകർന്ന ആദിവാസികൾക്ക് പകരം ഭൂമി കൊടുക്കാമെന്നുള്ള സർക്കാർ വാഗ്ദാനം പാലിക്കാത്തതുമൂലമാണ് ഇവർ വനഭൂമി കയ്യേറിയിരിക്കുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആരുടെ വിഴ്ചമൂലമാണ് ആദിവാസികൾക്ക് നാളിതുവരെ ഭൂമി നൽകാതിരുന്നത് ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത ആദിവാസികളെ വനംവകുപ്പ് അധികൃതർ ബലമായി ഒഴിപ്പിക്കാൻ ശ്രമിച്ചപ്പോൾ സ്ത്രീകൾ ഉൾപ്പെടെ ആത്മഹത്യാഭീഷണി മുഴക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇവരെ സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന്റെ പരിധിയിൽ ചിന്നാർ വന്യജീവി സങ്കേതത്തിൽ മുളങ്ങാമുട്ടിയിൽ 40-ഓളം ആദിവാസികൾ കാട്ടുകമ്പുകളും മുളകളും പ്ലാസ്റ്റിക് ഷീറ്റുകളുമുപയോഗിച്ച് 15 വീടുകൾ നിർമ്മിച്ച് 28-5-2015-ൽ താമസം തുടങ്ങിയിട്ടുണ്ട്.

(ബി) 2009-ൽ ചിന്നാർ വന്യജീവി സങ്കേതത്തിൽ ഒലികടി മുതുവാൻ കോളനിയിൽ ഉരുൾപൊട്ടൽ ഉണ്ടാവുകയും ഒരാൾ മരണപ്പെടുകയും ടി കടിയിലെ വീടുകൾ ഭാഗികമായി തകർന്നുപോകുകയും ചെയ്തു. ഈ ആളുകളെ ചിന്നാർ വന്യജീവി സങ്കേതത്തിലെ തായണ്ണൻകുടി, വെള്ളക്കൽകുടി, പുതുകുടി എന്നി വിടങ്ങളിലായി താൽക്കാലികമായി പുനരധിവസിപ്പിച്ചു. ഉരുൾപൊട്ടൽ ഉണ്ടായ ഒലികടി ഭാഗത്ത് ഉദ്ദേശം 305 ഹെക്ടർ സ്ഥലത്ത് തുടർന്നും ഇവർ കൃഷിചെയ്തു വരുന്നു. ഇവരുടെ പുനരധിവാസം വനാവകാശ നിയമപ്രകാരം നടപ്പാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

നടപടി സ്വീകരിച്ചുവരുന്നു. ഇപ്രകാരം നടപടി നടന്നുവരവെയാണ് ഇവർ ഒലിക്കടിയിൽ താമസമാക്കുന്നതിനുമുമ്പ് താമസിച്ചിരുന്ന മുളങ്ങാമുട്ടിയിൽ കുടിൽകെട്ടി താമസം തുടങ്ങിയത്.

(സി) ടി ആദിവാസികൾക്ക് നിലവിൽ ഒലിക്കടി ഭാഗത്ത് 305 ഹെക്ടറോളം സ്ഥലം കൈവശത്തിലുള്ളതും അവിടെ കൃഷിചെയ്തു വരുന്നതുമാണ്. ഒലിക്കടിക്ക് പകരം മുളങ്ങാമുട്ടി എന്ന സ്ഥലത്ത് താമസിക്കാൻ സ്ഥലം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇവർ നൽകിയ നിവേദനം വനാവകാശ നിയമപ്രകാരം നടപടിയിലിരിക്കെയാണ് കുടിൽകെട്ടി താമസം തുടങ്ങിയത്. ഇക്കാര്യത്തിൽ വീഴ്ചയുണ്ടായിട്ടില്ല.

(ഡി) ടി ആദിവാസികളോട് ഒഴിഞ്ഞുപോകാൻ വനംവകുപ്പ് അധികൃതർ ആവശ്യപ്പെട്ടുവെങ്കിലും ഒഴിഞ്ഞുപോകില്ലെന്നും ഒഴിപ്പിക്കാൻ ശ്രമിച്ചാൽ ആത്മഹത്യ ചെയ്യുമെന്നും അവർ പറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനായി വനംവകുപ്പ് ബലപ്രയോഗം നടത്തിയിട്ടില്ല.

(ഇ) 2006-ലെ വനാവകാശ നിയമപ്രകാരം ഉചിതമായ നടപടികൾ ബന്ധപ്പെട്ട ഗ്രാമസഭ, സബ് ഡിവിഷണൽ ലെവൽ കമ്മിറ്റി, ജില്ലാതല കമ്മിറ്റി എന്നിവയിൽ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ കുടിൽകെട്ടി താമസിക്കുന്ന മുളങ്ങാമുട്ടിയിൽത്തന്നെ ഇവർക്ക് താമസസ്ഥലം നൽകുന്നവിധത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതി

272(3094) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രോമോർ ഫുഡ് പദ്ധതിപ്രകാരം ലഭിച്ച കൈവശ ഭൂമികളിൽ പട്ടയം ലഭിച്ചവയിലുള്ള മരങ്ങൾ മുറിക്കുന്നതിന് നേരത്തെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ നിന്നും വ്യത്യസ്തമായി ഇപ്പോൾ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ; പുതിയ ഉത്തരവിന്റെയും മുൻ ഉത്തരവുകളുടെയും കോപ്പികൾ ലഭ്യമാക്കാമോ ;

(ബി) കൈവശ ഭൂമിയിലെ ഏതൊക്കെ മരങ്ങൾ മുറിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത് ; ഈ മരങ്ങൾ മുറിക്കുന്നതിനുമുമ്പ് കർഷകർ ഏതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly